**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4720** **19-03-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ കുടിവെള്ള ക്ഷാമം ദിനംപ്രതി രൂക്ഷമായിക്കൊണ്ടിരിക്കുന്നതിന് കാരണം വിശദമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ തീരദേശ പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം നടത്തുന്നത് ചൊവ്വര, ആലുവ ജലശുദ്ധീകരണ ശാലകളിൽ നിന്നുമുള്ള വെള്ളമാണ്. ചൊവ്വര ജലശുദ്ധീകരണശാലയിലും, പറവൂർ പമ്പ് ഹൗസിലും വൈദ്യുതി തടസം മൂലമോ, മറ്റു അറ്റകുറ്റപ്പണികൾക്കായോ പമ്പിംഗ് നിർത്തുന്നതുമൂലം വെള്ളത്തിന്റെ അളവിലുണ്ടാകുന്ന കുറവ് പ്രസ്തുത പഞ്ചായത്തുകളിലെ വിതരണ ശൃംഖലയുടെ അറ്റത്തുള്ളവർക്ക് ശുദ്ധജലക്ഷാമം ഉണ്ടാകാൻ കാരണമാകുന്നുണ്ട്. കൂടാതെ ആലുവ ജലശുദ്ധീകരണ ശാലയിൽ നിന്നും വടുതല പമ്പ് ഹൗസ് മുഖേന വൈപ്പിനിലേക്ക് പമ്പ് ചെയ്യുന്ന വെള്ളത്തിന്റെ അളവിലുണ്ടാകുന്ന കുറവും ശുദ്ധജലക്ഷാമത്തിനു കാരണമാകുന്നുണ്ട്. നിലവിൽ വൈപ്പിനിൽ വിതരണത്തിനായി ആവശ്യം വേണ്ട 42 MLD വെള്ളത്തിൽ ശരാശരി 35.50 MLD വെള്ളമാണ് വിതരണത്തിനായി ലഭിക്കുന്നത്. 6.50 MLD വെള്ളത്തിന്റെ കുറവ് നിലവിൽത്തന്നെയുണ്ട്. കൂടതെ പമ്പിംഗ് നിർത്തുന്നതുമൂലമുണ്ടാകുന്ന വെള്ളത്തിന്റെ അളവിലുള്ള കുറവും, ശുദ്ധജലക്ഷാമം ഉണ്ടാകാൻ കാരണമാകുന്നുണ്ട്. മുപ്പത്തടം ജലശുദ്ധീകരണ ശാലയിൽ നിന്നും കടമക്കുടി പഞ്ചായത്തിന് ഏകദേശം 1.5 MLD ജലം വിതരണം ചെയ്യുന്നുണ്ട്. മുളവുകാട് പഞ്ചായത്തിൽ കുടിവെള്ള വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നിലവിൽ നടപ്പിലാക്കിവരുന്നതും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നിലവിൽ നടപ്പിലാക്കിവരുന്നതും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ പദ്ധതികളെ കുറിച്ച് അനുബന്ധം – I ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എറണാകുളം ഗസ്റ്റ് ഹൗസിൽ വെച്ച് ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും വാട്ടർ അതോറിറ്റി മധ്യമേഖല ചീഫ് എൻജിനീയറുടെ സാന്നിദ്ധ്യത്തിലും ചേർന്ന വിവിധ യോഗങ്ങളിലെ തീരുമാനപ്രകാരമുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (സി) | കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എറണാകുളം ഗസ്റ്റ് ഹൗസിൽ വെച്ച് ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും വാട്ടർ അതോറിറ്റി മധ്യമേഖല ചീഫ് എൻജിനീയറുടെ സാന്നിദ്ധ്യത്തിലും ചേർന്ന വിവിധ യോഗങ്ങളിലെ തീരുമാനപ്രകാരമുള്ള പ്രവർത്തികളെ കുറിച്ചുള്ള വിവരം അനുബന്ധം – II ആയി ചേർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

1. ചൊവ്വര ജലശുദ്ധീകരണശാലയിൽ അടിക്കടി ഉണ്ടാവുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി KSEB-യുടെ പുതിയ ഫീഡർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ആവശ്യമായ ഭരണാനുമതി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിട്ടുണ്ട്. എന്നാൽ ഇതിനാവശ്യമായ 4,41,28,000/- രൂപ ലഭ്യമാക്കുന്നതിനുള്ള കാലതാമസം നേരിടുന്നതിനാൽ പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനായി KSEB Ltd-ന് ഫണ്ട് നൽകുവാൻ സാധിച്ചിട്ടില്ല.

2. ആലുവ ജലശുദ്ധീകരണശാലയിൽ നിന്നുമുള്ള വെള്ളം വടുതല പമ്പ് ഹൗസിൽ എത്തുന്നതിനു മുമ്പായി പേരണ്ടൂർ കനാലിലൂടെ സ്ഥാപിച്ചിട്ടുള്ള 800 mm വ്യാസമുള്ള പൈപ്പും, വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേക്കു സ്ഥാപിച്ചിട്ടുള്ള റെയിൽവേ ലൈനിന്റെ അടിയിലൂടെ സ്ഥാപിച്ചിട്ടുള്ള വ്യാസം കുറഞ്ഞ പൈപ്പ് ലൈനുകളും മാറ്റി സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

3. പള്ളിപ്പുറം പഞ്ചായത്തിലെ മുനമ്പം ഉൾപ്പെടുന്ന വടക്കൻ മേഖലയിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനായി ചെറായി ജംക്ഷൻ മുതൽ കോൺവെന്റ് ജംക്ഷൻ വരെ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും, കരിത്തലയിൽ പുതിയ ജല സംഭരണിയും, പമ്പ് ഹൗസും നിർമ്മിക്കുന്നതിനും, പുതിയ മോട്ടോറുകൾ സ്ഥാപിക്കുന്നതിനും 10 കോടി രൂപയുടെ അടങ്കൽ തയ്യാറാക്കി GIDA-ക്ക് നൽകിയിട്ടുണ്ട്.

4. പള്ളിപ്പുറം പഞ്ചായത്തിലെ കരിത്തല പാലത്തിനു സമീപം തോട്ടിലൂടെ സ്ഥാപിച്ചിട്ടുള്ള 315 mm പൈപ്പ് ലൈനിൽ അടിക്കടി ഉണ്ടാകുന്ന ലീക്ക് മൂലം പള്ളിപ്പുറം പഞ്ചായത്തിലെ വടക്കൻ മേഖലയിൽ കുടിവെള്ള ക്ഷാമം രൂക്ഷമാവാറുണ്ട്. പ്രസ്തുത പൈപ്പിന് പകരം പുതിയ പൈപ്പുകൾ ഉയർത്തി സ്ഥാപിക്കേണ്ടതാണ്. ഇതിനായുള്ള 20 ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കി പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്.

5. പള്ളിപ്പുറം പഞ്ചായത്തിലെ മുനമ്പം ഭാഗത്ത് 10 MLD ശേഷിയുള്ള ഉപ്പുവെള്ള ശുദ്ധീകരണശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറക്കിയിട്ടുള്ളതും, പ്രസ്തുത റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ഇതിനാവശ്യമായ 60 സെന്റ് സ്ഥലം സർവ്വേ ചെയ്ത് സർവ്വേ നമ്പർ നൽകുന്നതിന് സർക്കാർതല ഉത്തരവ് ലഭ്യമാക്കുന്നതിലേക്കായി ആവശ്യമായ രേഖകൾ ലാൻഡ് റവന്യൂ കമ്മീഷണർക്ക് ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്.

6. വൈപ്പിനിൽ പണി മുടങ്ങിക്കിടന്നിരുന്ന ഞാറക്കൽ, മുരിക്കുംപാടം വാട്ടർ ടാങ്കുകളുടെ പണികൾ

പൂർത്തീകരിച്ചിട്ടുള്ളതും, ടാങ്കുകളിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിനും, വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഞാറക്കൽ, മുരിക്കുംപാടം, മാലിപ്പുറം ടാങ്കുകൾ കമ്മീഷൻ ചെയ്യുന്നതിനായി ആലുവ ജലശുദ്ധീകരണ ശാലയിൽ നിന്നും 26 MLD-യോളം വെള്ളം ലഭിച്ചാൽ മാത്രമെ ശുദ്ധജലക്ഷാമത്തിനു ശാശ്വത പരിഹാരം സാധ്യമാകൂ. നിലവിൽ 10-50 MLD വെള്ളം മാത്രമെ വിതരണം ചെയ്യാൻ സാധിക്കുന്നുള്ളൂ.

7. ആലുവയിൽ പുതിയതായി വിഭാവനം ചെയ്തിട്ടുള്ള 190 MLD ജലശുദ്ധീകരണശാല പൂർത്തീകരിച്ച് വൈപ്പിനിൽ അധിക ജലം ലഭ്യമാക്കിയാൽ ശുദ്ധജലക്ഷാമത്തിനു ശാശ്വത പരിഹാരം സാധ്യമാകും. വൈപ്പിനിൽ കൂടുതൽ വെള്ളം ലഭിക്കുന്നതിനായി പുതുവൈപ്പിനിലേക്ക് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും, വടുതലയിൽ പുതിയ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പുതിയശുദ്ധീകരണശാല കമ്മീഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുണ്ട്.

## അനുബന്ധം - II

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എറണാകുളം ഗസ്റ്റ് ഹൗസിൽ വെച്ച് ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ, വൈപ്പിൻ നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമത്തെ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണ്.

മദ്ധ്യ മേഖല ചീഫ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ചേർന്ന യോഗ തീരുമാനപ്രകാരമുള്ള പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**യോഗ തീരുമാനം** :ആലുവ ചൊവ്വര ജലശുദ്ധീകരണശാലയിലേക്ക് മാത്രമായുള്ള കെ.എസ്.ഇ.ബി ഫീഡർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

**സ്വീകരിച്ചിട്ടുള്ള നടപടി**: പുതിയ ഫീഡർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ആവശ്യമായ ഭരണാനുമതി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിനാവശ്യമായ 4,41,28,000/- രൂപ ലഭ്യമാക്കുന്നതിനുള്ള കാലതാമസം നേരിടുന്നതിനാൽ പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനായി KSEB Ltd-ന് ഫണ്ട് നൽകുവാൻ സാധിച്ചിട്ടില്ല.

**യോഗ തീരുമാനം** :വടുതല റെയിൽവേ ലൈനിനടിയിലൂടെ സ്ഥാപിച്ചിട്ടുള്ള വ്യാസം കുറഞ്ഞ പൈപ്പ് മാറ്റിയിടുന്നതിന് പ്രയോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ പ്രസ്തുത എഗ്രിമെന്റിൽ മാറ്റം വരുത്തി ആർ.വി.എൻ.എൽ-ന്റെ ഫണ്ടും മറ്റ് ഫണ്ടും ഉപയോഗപ്പെടുത്തി മാറ്റി സ്ഥാപിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

**സ്വീകരിച്ചിട്ടുള്ള നടപടി**: ആലുവ ജലശുദ്ധീകരണശാലയിൽ നിന്നുമുള്ള വെള്ളം വടുതല പമ്പ് ഹൗസിൽ എത്തുന്നതിനു മുമ്പായി പേരണ്ടൂർ കനാലിലൂടെ സ്ഥാപിച്ചിട്ടുള്ള 800 mm വ്യാസമുള്ള പൈപ്പും, വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേക്കു സ്ഥാപിച്ചിട്ടുള്ള റെയിൽവേ ലൈനിന്റെ അടിയിലൂടെ സ്ഥാപിച്ചിട്ടുള്ള വ്യാസം കുറഞ്ഞ പൈപ്പ് ലൈനുകളും മാറ്റി സ്ഥാപിക്കേണ്ട അടങ്കലുകൾ തയ്യാറാക്കിയിട്ടുള്ളതാണ്.

**യോഗ തീരുമാനം:** വൈപ്പിൻ മേഖലയിലെ പാലത്തിനടിയിലൂടെ സ്ഥാപിച്ചിട്ടുള്ള എച്ച്.ഡി.പി.ഇ പൈപ്പുകൾ ഉയർത്തി സ്ഥാപിക്കുന്നതിനുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുക.

**സ്വീകരിച്ചിട്ടുള്ള നടപടി:** പ്രസ്തുത പ്രവൃത്തിയിൽ കുഴുപ്പിള്ളി പഞ്ചായത്തിലെ അയ്യംമ്പള്ളി പാലത്തിനടിയിലൂടെയുള്ള പൈപ്പ് ഉയർത്തി സ്ഥാപിക്കുന്ന പ്രവൃത്തി എറണാകുളം ജില്ലാ

പഞ്ചായത്തിന്റെ ധനസഹായത്തോടെ പൂർത്തീകരിച്ചിട്ടുള്ളതും, പള്ളിപ്പുറം പഞ്ചായത്തിലെ കരിത്തല പാലത്തിനടിയിലൂടെയുള്ള പൈപ്പ് ഉയർത്തി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 20 ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കി പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുള്ളതുമാണ്.

**യോഗ തീരുമാനം** :അയ്യംമ്പള്ളി പാലത്തിനടിയിലൂടെയുള്ള പൈപ്പ് ഉയർത്തി സ്ഥാപിക്കുന്നതിന് ബ്രിഡ്ജസ് വിഭാഗം അനുമതി നൽകുന്നില്ലെങ്കിൽ ബദൽ മാർഗ്ഗം കണ്ടെത്തു കയും ഇതിനാവശ്യമായി വരുന്ന തുക ഹെഡ് ഓഫീസൽ നിന്നും അടിയന്തിരമായി ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**സ്വീകരിച്ചിട്ടുള്ള നടപടി:** പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

**യോഗ തീരുമാനം** :എടവനക്കാട് അണിയിൽ ടാങ്കിനടിയിൽ ഇന്റർകണക്ഷൻ പ്രവൃത്തികൾ നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചതിനുശേഷം ഇതിനുള്ള അടങ്കൽ തയ്യാറാക്കി അടിയന്തിരമായി ഫണ്ടിൽ പെടുത്തി പ്രവൃത്തി ചെയ്യുക.

**സ്വീകരിച്ചിട്ടുള്ള നടപടി:** പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

**യോഗ തീരുമാനം :** പുതുവൈപ്പ് പമ്പ് ഹൗസിൽ യു.ജി. കേമ്പിളുകൾ സ്ഥാപിക്കുന്നതിനായുള്ള അടങ്കൽ തയ്യാറാക്കി എം.എൽ.എ ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി ചെയ്യുന്നതി നുള്ള നടപടി സ്വീകരിക്കുക.

**സ്വീകരിച്ചിട്ടുള്ള നടപടി:** പ്രസ്തുത പ്രവൃത്തിക്കായി എം.എൽ.എ ഫണ്ട് അനുവദിച്ചിട്ടുള്ളതും, പ്രവൃത്തിക്കാവശ്യമായ യു.ജി. കേബിൾ വിതരണം ചെയ്തിട്ടുള്ളതുമാണ്.

**യോഗ തീരുമാനം :**പള്ളിപ്പുറം പഞ്ചായത്തിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 60 ലക്ഷം രൂപയുടെ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തികരിക്കുവാൻ തീരുമാനിച്ചു.

**സ്വീകരിച്ചിട്ടുള്ള നടപടി:** പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

**യോഗ തീരുമാനം :**ചെറായി ജംഗ്ഷൻ മുതൽ മുനമ്പം വരെ പുതിയ ഫീഡർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ സാധ്യതാ പഠനം പി.പി.ഡി വിഭാഗം മുഖാന്തിരം നടപ്പിലാക്കുവാൻ തീരുമാനിച്ചു.

**സ്വീകരിച്ചിട്ടുള്ള നടപടി:** പള്ളിപ്പുറം പഞ്ചായത്തിലെ മുനമ്പം ഉൾപ്പെടുന്ന വടക്കൻ മേഖലയിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനായി ചെറായി ജംക്ഷൻ മുതൽ കോൺവെന്റ് ജംക്ഷൻ വരെ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും, കരിത്തലയിൽ പുതിയ ജല സംഭരണിയും, പമ്പ് ഹൗസും നിർമ്മിക്കുന്നതിനും, പുതിയ മോട്ടോറുകൾ സ്ഥാപിക്കുന്നതിനും PPD

വിഭാഗം റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതും, 10 കോടി രൂപയുടെ അടങ്കൽ തയ്യാറാക്കി GIDA-ക്ക് നൽകിയിട്ടുള്ളതുമാണ്.

വൈപ്പിൻ മേഖലയിൽ കുടിവെള്ള പ്രശ്നം സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി 5 ഉദ്യോഗസ്ഥരടങ്ങിയ കമ്മിറ്റി രൂപീകരിച്ച് സമഗ്ര റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുള്ളതാണ്.

ടാങ്കർ ലോറി വഴി കുടിവെള്ളം വിതരണം നടത്തുന്നതിന് ആവശ്യമായ ഫണ്ട് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുള്ളതാണ്.